**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 518** **02-02-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ നൽകിവരുന്നുണ്ട്; | (എ) | നിലവിൽ സംസ്ഥാനത്ത് ആകെ 5,221,869 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. ഇതിൽ 5,066,136 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട് (2022 നവംബർ മാസത്തെ കണക്ക് പ്രകാരം).<br><br>വിവിധ ക്ഷേമനിധി ബോർഡുകളിലെ 11,01,335 ഗുണഭോക്താക്കൾക്ക് ക്ഷേമ ബോർഡ് പെൻഷനുകളും നൽകി വരുന്നു (അവസാന മാസത്തെ പെൻഷൻ വിതരണം അടിസ്ഥാനമാക്കി).<br><br>സാംസ്കാരിക വകുപ്പ് മുഖേന 2295 പേർക്ക് കലാകാര പെൻഷനും, 169 പേർക്ക് അവശകലാകാര പെൻഷനും, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന 1328 പേർക്ക് മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷനും നൽകുന്നുണ്ട്.<br><br>കായിക യുവജനക്ഷേമം വകുപ്പ് മുഖേന 1323 പേർക്ക് സർക്കസ് പെൻഷനും 100 പേർക്ക് അവശ കായികതാര പെൻഷനും, പിന്നാക്ക വിഭാഗ വികസ വകുപ്പ് മുഖേന 309 പേർക്ക് വിശ്വകർമ്മ പെൻഷനും നൽകി വരുന്നു. |
| (ബി) | ഒരു മാസം സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായി എത്ര കോടി രൂപ ചെലവാകുന്നുണ്ട്; വിശദമാക്കാമോ? | (ബി) | 2022 നവംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നതിനായി 773.52 കോടി രൂപ അനുവദിച്ചിരുന്നു. വിവിധ ക്ഷേമനിധി ബോർഡു പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി 190.67 കോടി രൂപ ചെലവായിട്ടുണ്ട്.<br><br>സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ നൽകുന്നതിന് 36,65,000/- രൂപയും , അവശകലാകാര പെൻഷൻ നൽകുന്നതിന് 1,69,000/- രൂപയും, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനായി 21,24,800/- രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>കായിക യുവജനക്ഷേമം വകുപ്പ് മുഖേന സർക്കസ് പെൻഷൻ നൽകുന്നതിന് 15,87,600/- രൂപയും അവശ കായികതാര പെൻഷൻ നൽകുന്നതിന് 1,30,000/- രൂപയും ചെലവാകുന്നുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന വിശ്വകർമ്മ പെൻഷൻ നൽകുന്നതിനായി 4,32,000/- രൂപ ചെലവാകുന്നു. |

സെക്ഷൻ ഓഫീസർ